(ബി) പ്രവാസി സംഘടനകളുടെ ശൃംഖല രൂപപ്പെടുത്തി പ്രവർത്തനം ഏകോപിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് ഭാരതത്തിനു പുറത്തും കേരളത്തിന് പുറത്തുമായി പ്രവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. ഭാരതത്തിനു പുറത്ത് 37-ഉം ഭാരതത്തിൽ കേരളത്തിനു പുറത്ത് 81 -ഉം ആണ് ഇത്തരം സംഘടനകളുടെ എണ്ണം. ഈ സംഘടനകളുടെ ലിസ്റ്റ് നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ (www.norkaroots.net) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) നോർക്ക റൂട്ട്സിന്റെ 28-ാമത് ഡയറക്ടർ ബോർഡ് പ്രവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകളെ ഏകോപിപ്പിക്കുന്നതിനും ഇത്തരം സംഘടനകളുടെ ഒരു ശൃംഖല രൂപപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്രവാസികൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി

49 (5727) ശ്രീ. ബി. ബാബുപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രവാസി മലയാളികളായി നാട്ടിൽ തിരിച്ചു വന്നവർക്കുവേണ്ടി എന്തെങ്കിലും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി & സി) 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, പ്രവാസികൾക്കായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പാക്കിവരുന്ന നൂറു കോടി രൂപയുടെ പ്രത്യേക വായ്പാ പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരം 10-7-2010 വരെ 85 അപേക്ഷകർക്കായി ഏകദേശം 7.05 കോടി രൂപ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly